**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1952** **29-07-2021 - ൽ മറുപടിയ്ക്ക്**

**നിലാവ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത്, തദ്ദേശ സ്വയം ഭരണ വകുപ്പുമായി ചേർന്ന് നടപ്പിലാക്കുന്ന നിലാവ് പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ; | (എ) | തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് വേണ്ടി കെ.എസ്.ഇ.ബി.എൽ ഏറ്റെടുത്ത് നടത്തുന്ന നിലാവ് പദ്ധതി പ്രകാരം കേരളത്തിലുടനീളം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ സ്ഥാപിച്ചിട്ടുള്ള 10.5 ലക്ഷത്തോളം വരുന്ന പരമ്പരാഗത തെരുവുവിളക്കുകൾ മാറ്റി ഊർജ്ജ ക്ഷമതയുള്ളതും ഏഴ് വർഷം വാറണ്ടി ഉള്ളതുമായ പരിസ്ഥിതി സൗഹൃദ LED തെരുവുവിളക്കുകൾ സ്ഥാപിച്ചു നൽകുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. പദ്ധതി രണ്ടു ഘട്ടങ്ങളിലായാണ് നടപ്പിലാക്കുന്നത്. ഒന്നാം ഘട്ടത്തിൽ രണ്ടു ലക്ഷം തെരുവുവിളക്കുകളും രണ്ടാം ഘട്ടത്തിൽ 8.5 ലക്ഷം തെരുവുവിളക്കുകളും ആണ് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്. ഒന്നാം ഘട്ടത്തിലെ രണ്ടു ലക്ഷം തെരുവുവിളക്കുകൾ 2021 ജൂൺ 30 ഓടെ സ്ഥാപിച്ചു കഴിഞ്ഞു. രണ്ടാം ഘട്ടത്തിലെ 8.5 ലക്ഷത്തോളം തെരുവുവിളക്കുകൾ 2021 ഡിസംബർ മാസത്തോടെ സ്ഥാപിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. രണ്ടാം ഘട്ടത്തിലേക്ക് വേണ്ട തെരുവുവിളക്കുകളുടെ യഥാർഥ ആവശ്യകത എത്രയെന്നു തദ്ദേശ സ്വയം ഭരണ വകുപ്പ് കണക്കാക്കികൊണ്ടിരിക്കുന്നു. കേന്ദ്ര പൊതു മേഖലാ സ്ഥാപനമായ എനെർജി എഫിഷ്യൻസി സർവ്വീസ് ലിമിറ്റഡ് ആണ് മത്സരാധിഷ്ഠിത ടെൻഡർ വഴി LED തെരുവുവിളക്കുകൾ വാങ്ങി സപ്ലൈ ചെയ്യുന്നത്. ആവശ്യമായ തെരുവുവിളക്കുകളുടെ എണ്ണം കെ.എസ്.ഇ.ബി.എൽ - നെ അറിയിക്കുന്ന മുറയ്ക്ക് കെ.എസ്.ഇ.ബി.എൽ, പദ്ധതിയുടെ രണ്ടാം ഘട്ടത്തിന് വേണ്ടിയുള്ള, പർച്ചെയ്സ് ഓർഡർ എനെർജി എഫിഷ്യൻസി സർവ്വീസ് ലിമിറ്റഡ് - ന് നൽകുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതിക്കായി എത്ര തദ്ദേശ സ്ഥാപനങ്ങൾ കെ. എസ്. ഇ. ബി. യുമായി എഗ്രിമെന്റ് വച്ചിട്ടുണ്ട് എന്ന വിവരം ലഭ്യമാക്കാമോ? | (ബി) | ഇതുവരെ 667 ഗ്രാമ പഞ്ചായത്തുകളും (PRIs) 44 കോർപ്പറേഷൻ/നഗരസഭകളും (ULBs) ഉൾപ്പടെ |

| | | | |
|---|---|---|---|
| | | | 711 തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഈ പദ്ധതിയിൽ ചേർന്നിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ